ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.09.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തർപ്രദേശിലെ വാരാണസിയിലെത്തി; മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച നടത്തുന്നു.
2) നേപ്പാളിൽ യുവജന പ്രക്ഷോഭത്തിൽ മരണ സംഖ്യ 30 ആയി; ഇന്ത്യക്കാരെ തിരികെയെത്തിക്കാൻ പ്രത്യേക വിമാന സർവീസുകൾ.
3) തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ വെർച്വലായി ഉദ്ഘാടനം ചെയ്തു.
4) അക്ഷയ സെൻററുകളിൽ അവശ്യ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങളിൽ നിന്ന് നിരക്ക് ഈടാക്കാൻ പാടില്ലെന്ന് ഹൈക്കോടതി.
5) കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.
6) ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്- ഹോങ്കോങ് പോരാട്ടം.

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തർപ്രദേശിലെ വാരാണസിയിലെത്തി. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ശ്രീ മോദി ചർച്ച നടത്തുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യ, ഊർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, നീല സമ്പദ്‌വ്യവസ്ഥ തുടങ്ങിയ മേഖലകളിലെ സഹകരണം വികസിപ്പിക്കുന്നത് സംബന്ധിച്ച് ഇരു പ്രധാനമന്ത്രിമാരും ചർച്ച ചെയ്യും. പ്രധാനമന്ത്രി ഇന്ന് ഉത്തരാഖണ്ഡും
സന്ദർശിക്കും. വൈകുന്നേരം ഡെറാഡൂണിലേക്ക് പോകുന്ന

ശ്രീ നരേന്ദ്ര മോദി, ഉത്തരാഖണ്ഡിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തും. ഉന്നതതല അവലോകന യോഗത്തിലും ശ്രീ മോദി പങ്കെടുക്കും.

RNU TVPM

## നേപ്പാൾ- മരണസംഖ്യ

നേപ്പാളിൽ സമൂഹ മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്കിനെ തുടർന്ന് ഈ മാസം എട്ടിന് ആരംഭിച്ച യുവജന പ്രക്ഷോഭത്തിൽ മരണ സംഖ്യ 30 ആയി. ആയിരത്തിലേറെ പേർക്ക് പരിക്കേറ്റതായി നേപ്പാൾ ആരോഗ്യ മന്ത്രാലയം അറിയിച്ചു. 253 പേർ ആശുപത്രികളിൽ ചികിത്സയിലാണ്. അതേസമയം സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി. നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഉത്തർപ്രദേശ്,

ബിഹാർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെ ജില്ലകളിൽ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രത്യേക വിമാന സർവീസ്

നേപ്പാളിലെ സംഘർഷത്തെത്തുടർന്ന് കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ യാത്രക്കാരെ സഹായിക്കുന്നതിനായി പ്രത്യേക വിമാന സർവീസുകൾ നടത്തുമെന്ന് എയർ ഇന്ത്യയും ഇൻഡിഗോയും അറിയിച്ചു . എയർ ഇന്ത്യ ഷെഡ്യൂൾ ചെയ്ത സർവീസുകൾ ഇന്ന് പുനരാരംഭിം. കാഠ്മണ്ഡുവിലേക്കും തിരിച്ചും നാല് സർവീസുകൾ ഇന്ന് പുനരാരംഭിക്കുമെന്ന് ഇൻഡിഗോയും വ്യക്തമാക്കി. വിമാനക്കമ്പനികളോട് ന്യായമായ നിരക്ക് മാത്രം ഈടാക്കാൻ നിർദ്ദേശിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു പറഞ്ഞു. അതേസമയം സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി. നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഉത്തർപ്രദേശ്, ബിഹാർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെ ജില്ലകളിൽ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്. നേപ്പാളിൽ കുടുങ്ങിക്കിടക്കുന്ന കേരളത്തിൽ നിന്നുള്ള വിനോദസഞ്ചാരികളെ സുരക്ഷിതമായി എത്തിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിന് ഇന്നലെ കത്തയച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## ഫാസ്റ്റ് ട്രാക്ക് എമിഗ്രേഷൻ (ഇൻട്രോ)

തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് വെർച്വലായി ഉദ്ഘാടനം ചെയ്തു. ലളിതവും വേഗതയേറിയതും തടസ്സരഹിതവുമായ യാത്ര പ്രോത്സാഹിപ്പിക്കാൻ പദ്ധതി സഹായകമാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

തിരുവനന്തപുരത്തിന് ഒപ്പം കോഴിക്കോട്, തിരുച്ചിറപ്പള്ളി, ലക്നോ, അമൃത്സർ വിമാനത്താവളങ്ങളിലും ആരംഭിച്ച സേവനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ പൗരൻമാർ, ഒസിഐ കാർഡുള്ള വിദേശ പൗരൻമാർ തുടങ്ങിയവർക്കാണ് സംവിധാനം പ്രയോജനപ്പെടുത്താനാവുക. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷനാണ് ഇത് നടപ്പിലാക്കുന്നത്.

RNU TVPM

## അക്ഷയ സെൻറർ

അക്ഷയ സെൻററുകൾ അവശ്യ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങളിൽ നിന്ന് നിരക്ക് ഈടാക്കാൻ പാടില്ലെന്ന് ഹൈക്കോടതി. പൊതുജനങ്ങളെ സർക്കാർ സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനാണ് അക്ഷയ കേന്ദ്രങ്ങൾ ഉദ്ദേശിക്കുന്നതെന്നും ലാഭം ലക്ഷ്യമാക്കിയുള്ള വാണിജ്യ കേന്ദ്രങ്ങളായി അവയെ കണക്കാക്കാനാവില്ലെന്നും ജസ്റ്റിസ് എൻ. നാഗരേഷ് ഉത്തരവിട്ടു. കെ-സ്മാർട്ട് സേവനങ്ങൾ

ലഭ്യമാക്കുന്നതിന് അക്ഷയ സെന്ററുകൾക്ക് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച സർക്കാർ ഉത്തരവിനെതിരെ അക്ഷയ സെന്റർ സംരംഭകരുടെ ഫോറവും ഓൾ കേരള അക്ഷയ സംരംഭകരുടെ കോൺഫെഡറേഷനും സമർപ്പിച്ച ഹർജികൾ പരിഗണിക്കവെയാണ് ഹൈക്കോടതിയുടെ പരമർശം.

❁❁❁❁❁❁❁❁❁❁❁❁❁

## ദുരന്ത നിവാരണ പദ്ധതി

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കൂടുതൽ സമയം വേണമെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ. കേന്ദ്രത്തിൻറെ അന്തിമ ദുരന്ത നിവാരണ പദ്ധതി ഹൈക്കോടതിയിൽ സമർപ്പിച്ചു. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ജൂണിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്നാണ്, കേന്ദ്ര സർക്കാർ ദുരന്തനിവാരണ പദ്ധതിയുടെ അന്തിമ പതിപ്പ് സമർപ്പിച്ചത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)

സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. മലപ്പുറം ചേലമ്പ്ര സ്വദേശി ഷാജിയാണ് മരിച്ചത്. രണ്ടാഴ്ചയായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. നിലവിൽ പത്ത് പേരാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്.

വിശദാംശങ്ങളുമായി കോഴിക്കോട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു.

(ഹോൾഡ് വോയ്സ്….)

☸☸☸☸☸☸☸☸☸☸☸☸☸

## നിക്ഷേപക സംഗമം-മലപ്പുറം

ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുള്ള മലപ്പുറം നിക്ഷേപക സംഗമം ഇന്ന് വ്യവസായമന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ നിന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തവരും, ജില്ലയിൽ 20 കോടിയിൽ അധികം നിക്ഷേപം നടത്തുന്നവരുമായ വ്യവസായികളുടെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൻറെ സഹായത്തോടെയാണ് സംരംഭകർ ഒത്തുചേരുന്നത്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ജി.എസ്.ടി - പ്രധാനമന്ത്രി

പുതു തലമുറ ജി എസ് ടി പരിഷ്കരണങ്ങൾ ഉൽപാദകർക്ക് വലിയ പ്രചോദനവും മേഖലക്ക് മികച്ച പരിവർത്തനവും നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുതിയ GST പരിഷ്കാരങ്ങൾ ഇന്ത്യയുടെ ഉൽപാദനമേഖലയിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## ജി.എസ്.ടി- പരിഷ്കാരങ്ങൾ

പുതു തലമുറ ജിഎസ്.ടി പരിഷ്കാരങ്ങൾ വഴി, ഗാർഹിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ. എയർ കണ്ടീഷണറുകൾ,

ഡിഷ് വാഷറുകൾ, എൽസിഡി / എൽഇഡി ടി.വികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ജി.എസ്.ടി നിരക്കുകൾ 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചത് മധ്യവർഗത്തിന് വലിയ ആശ്വാസമാണ് ഉണ്ടാക്കുന്നതെന്നും കേന്ദ്രം അറിയിച്ചു. ഇത് ആഭ്യന്തര ഉൽപാദകർക്കും നേട്ടമുണ്ടാക്കുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## മുതുവല്ലൂർ- കുടിവെള്ള കണക്ഷൻ - (ഇൻട്രോ)

സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തികരിച്ച മലപ്പുറം ജില്ലയിലെ ആദ്യത്തെ പഞ്ചായത്തായി മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിനെ മന്ത്രി റോഷി അഗസ്റ്റിൻ നാളെ പ്രഖ്യാപിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് ബാബു....**

(വോയിസ്)

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഏഷ്യാ കപ്പ് ക്രിക്കറ്റ്

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും. അബുദാബിയിലെ ഷെയ്ഖ് സായിദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ മത്സരത്തിൽ ഇന്ത്യ യു.എ.ഇ യെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## വിവേകാനന്ദ

ഷിക്കാഗോ പ്രസംഗത്തിന്റെ 132-ാാം വാർഷിക ദിനത്തിൽ 1893 ൽ സ്വാമി വിവേകാനന്ദൻ ഷിക്കാഗോയിൽ നടത്തിയ ലോക മത

പാർലമെന്റിൽ നടത്തിയ പ്രസംഗം പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ചു. വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗം ഐക്യത്തിനും സാർവത്രിക സാഹോദര്യത്തിനും ഊന്നൽ നൽകിയ നിർണായക നിമിഷമായിരുന്നുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

## മലമ്പുഴ പാർക്ക്

കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 2.0 സ്കീമിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ ഇന്ന് മുതൽ മലമ്പുഴ ഉദ്യാനം അടച്ചിടും. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഉദ്യാനത്തിലേക്ക് സന്ദർശകർക്ക് പ്രവേശനം ഉണ്ടാകില്ലെന്ന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

RNUTVPM

## സി.പി.ഐ സംസ്ഥാന സമ്മേളനം

ആലപ്പുഴയിൽ നടക്കുന്ന CPI സംസ്ഥാന സമ്മേളനം നാളെ സമാപിക്കും. ഇന്നലെ ആരംഭിച്ച സമ്മേളനം സിപിഐ ജനറൽ സെക്രട്ടറി ഡി രാജ ഉദ്ഘാടനം ചെയ്തു. ഇന്നലെ നടന്ന സെമിനാറിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു.

## ആദായനികുതി റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

RNU TVPM